ബിജോ പോൾ കെ

ക്ലാസ് 7

മലയാളം കേരളപാഠാവലി

യൂണിറ്റ് **1 ഇളം കാറ്റ് തെല്ലൊന്നു തൊട്ടെന്നുവന്നാൽ**

- ഇലകൾ
- ഒരു ദിനാന്തസഞ്ചാരം
- ഭൂമിക്കുവേണ്ടിയൊരു ലാവണ്യദ്യശ്യോത്സവം
- മനസ്സിലെ കിളി

**പഠന ലക്ഷ്യങ്ങൾ**

- ✓ പ്രകൃതിസൗന്ദര്യവുമായി ബന്ധപ്പെട്ട ആസ്വാദനാംശങ്ങൾ ഉൾപ്പെടുത്തി വിവിധ രചനകൾ വായിച്ച് ആസ്വദിക്കുകയും വ്യത്യസ്ത ജീവിത സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ✓ അനുയോജ്യമായ താളം, ഈണം, പദപ്രയോഗം, അക്ഷരവിന്യാസം തുടങ്ങിയവ കവിതയെ ആകർഷകമാക്കുന്നു എന്ന ധാരണ നേടുന്നു.
- ✓ വർണ്ണനകൾ, നേരനുഭവങ്ങളെ സവിശേഷമായ വാക്യങ്ങളിലൂടെ മറ്റുള്ളവരിലേക്ക് പകർന്നു നൽകുകയാണെന്ന ധാരണ നേടുകയും അതനുസരിച്ച് വർണ്ണനകൾ തയ്യാറാക്കുകയും ചെയ്യുന്നു.
- ✓ അനുഭവിച്ചറിഞ്ഞ പ്രകൃതിസൗന്ദര്യത്തെ വ്യത്യസ്ത വ്യവഹാരൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു. പാഠഭാഗങ്ങൾ വിശകലനം ചെയ്ത് ഭാഷാവസ്തുതകളുടെ (വിശേഷണം, സർവനാമം, ലിംഗവചനങ്ങൾക്കനുസരിച്ച് ക്രിയകളിലെ മാറ്റം) സവിശേഷതകൾ തിരിച്ചറിഞ്ഞ് സ്വന്തംരചനകളിൽ പ്രയോഗിക്കുന്നു.

**പഠനോപകരണങ്ങൾ**

- ഇലകൾ കവിത ഓഡിയോ
- കുറിഞ്ഞി പൂത്തു നിൽക്കുന്ന വീഡിയോ
- പോസ്ററർ മാതൃക
- നോട്ടീസ്സ് മാതൃക
- ഡിജിറ്റൽ പോസ്റ്റർ മാതൃക
- പത്രവാർത്ത മാതൃക
- കടങ്കഥ പുസ്തകങ്ങൾ

തീയതി – 03/06/24 മുതൽ

| **പ്രിക്രിയ** | **വിലയിരുത്തൽ** |
|---|---|
| **ഇലകൾ**<br><br>**കവിതയും ചിത്രവും**<br><br>മഴത്തുള്ളികൾ പതിക്കുമ്പോൾ മരത്തിൽ ഇലകളിൽ വന്നുചേരുന്ന മാറ്റങ്ങൾ എന്തെല്ലാം.<br><br>ചർച്ച<br><br>ക്രോഡീകരണം<br><br>കവിതയിലെ കൂടുതൽ വരികൾ കണ്ടെത്തി ചൊല്ലാൻ അവസരം നൽകുന്നു.<br><br>പ്രകൃതിയിലെ കാഴ്ചകൾ വർണിക്കുന്ന സിനിമാപ്പാട്ടുകൾ ഓഡിയോ<br><br>കേരനിരകളാടും..<br>ശ്യാമവാനിലേതോ....<br><br>കവിതകൾ ഓഡിയോ...<br><br>പൂക്കാലം - കുമാരനാശാൻ<br><br>മഴവില്ലേ നീ മായരുതേ - വയലാർ രാമവർമ<br><br>ഗ്രാമഭംഗി - ചങ്ങമ്പുഴ കൃഷ്ണപിള്ള (രമണൻ)<br><br>കദളീവനം - (കല്യാണ സൗഗന്ധികം) കുഞ്ചൻ നമ്പ്യാർ<br><br>വന്നുപോയ് ചിങ്ങമാസം - പി.കുഞ്ഞിരാമൻ നായർ (പൂക്കളം) | |

കവിതയോടൊപ്പം നൽകിയ ചിത്രത്തിൽ എന്തെല്ലാമാണുള്ളത്. ?
കവിതയിൽനിന്ന് വ്യത്യസ്തമായി ചിത്രത്തിൽ വേറെന്തെങ്കിലുമുണ്ടോ?

ഗ്രൂപ്പിംഗ്

ചർച്ച

അവതരണം

പൊതുചർച്ച.

**ജി കുമാരപിള്ള**

1923 ആഗസ്റ്റ് 22ന് ജനിച്ചു. കവി, ഗാന്ധിയൻ, അധ്യാപകൻ എന്നീ നിലകളിൽ പ്രശസ്തനായി. അരളിപ്പൂക്കൾ, മരുഭൂമിയുടെ കിനാവുകൾ, ഓർമ്മയുടെ സുഗന്ധം, സപ്തസ്വരം എന്നിവയാണ് പ്രധാന കൃതികൾ. 2000 ആഗസ്റ്റ് 17ന് അന്തരിച്ചു.

**ഭൂമിക്കുവേണ്ടിയൊരു ലാവണ്യദൃശ്യോത്സവം**

ഒട്ടേറെ വിസ്മയക്കാഴ്ചകളുമായി ഈ പ്രകൃതി നമ്മെ ആകർഷിക്കുന്നു.

"നേരെ വിടർന്നു വിലസീടിന നിന്നെ നോക്കി

യാരാകിലെന്തു മിഴിയുള്ളവർ നിന്നിരിക്കാം" (വീണപൂവ്) കുമാരനാശാൻ

ഇവിടെ സൂചിപ്പിച്ചിരിക്കുന്നത് എന്തിനെയാവാം?

പലപ്പോഴും നമ്മെ അമ്പരിപ്പിക്കുന്ന കാഴ്ചകളാണ് പ്രകൃതി നമുക്ക് സമ്മാനിക്കുന്നത്. കാലങ്ങളോളം കാത്തിരിക്കുമ്പോൾ മാത്രം ചില ദൃശ്യവിരുന്നുകളും പ്രകൃതി നമുക്കായി തരുന്നുണ്ട്.

അത്തരം ഒരു അത്ഭുതക്കാഴ്ച നമുക്ക് പരിചയപ്പെടാം.

മൂന്നാറിൽ നീലക്കുറിഞ്ഞികൾ പൂത്തുനിൽക്കുന്ന കാഴ്ചകൾ- വീഡിയോ കാണിക്കുന്നു.

കാഴ്ചകളെ കുറിച്ച് കുട്ടികൾ പ്രതികരിക്കട്ടെ.

പാഠവായന--. കുട്ടികൾ

ശ്രാവ്യവായന

സുഗതകുമാരിയുടെ കവിത (കുറുഞ്ഞിപ്പൂക്കൾ) കേൾപ്പിക്കുന്നു

**വായിക്കാം കണ്ടെത്താം**

ഗ്രൂപ്പിംഗ്

ചോദ്യങ്ങൾക്ക് ഉത്തരം ഗ്രൂപ്പിൽ കണ്ടെത്തുന്നു

അവതരണം

**ചോദ്യങ്ങൾ- ഉത്തരങ്ങൾ**

പാഠഭാഗത്ത് നിന്ന് പരമാവധി ചോദ്യങ്ങൾ, ഉത്തരങ്ങൾ എന്നിവ കണ്ടെത്തുന്നു
വീട്ടിൽ നിന്നും ഉത്തരമെഴുതുന്നു

**ചോദ്യോത്തരപ്പയറ്റ്**

ഒരു ഗ്രൂപ്പിന് മറ്റൊരു ഗ്രൂപ്പിനോട് ചോദ്യങ്ങൾ ചോദിക്കാം.

ഉത്തരങ്ങൾ മികച്ച രീതിയിൽ അവതരിപ്പിച്ചവരെ അഭിനന്ദിക്കുന്നു പ്രവർത്തനം

**പുതിയ പദങ്ങൾ**

പരിചയമില്ലാത്ത പദങ്ങൾ കണ്ടെത്തി നോട്ടുബുക്കിൽ കുറിക്കുന്നു.

ഊഹിച്ച് അർഥം പറയാൻ ശ്രമിക്കുന്നു.

നിഘണ്ടുനോക്കി അർത്ഥം കണ്ടെത്തുന്നു.

**ചർച്ച ചെയ്യാം എഴുതാം**

| | |
|---|---|
| ഗ്രൂപ്പിംഗ്<br>പാഠഭാഗത്തെ മൂന്ന് ചോദ്യങ്ങളും എല്ലാഗ്രൂപ്പിലും ചർച്ച .<br>അവതരണം.<br>മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുന്നു.<br>കുട്ടികൾ അവതരിപ്പിക്കുന്നതിൽ പ്രസക്തമായ ആശയം ബോർഡിൽ.<br>ബോർഡിലെ സൂചനകളെ അടിസ്ഥാനപ്പെടുത്തി<br>കുട്ടികൾ വ്യക്തിഗതമായി ഉത്തരങ്ങൾ എഴുതുന്നു.<br>പരസ്പരം കൈമാറി വിലയിരുത്തി മെച്ചപ്പെടുത്തുന്നു.<br>➢ നമ്മുടെ കിഴക്കൻ മലകളുടെ മടിത്തട്ടിൽ, മൂന്നാറിൽ പന്തീരാണ്ടിലൊരിക്കൽ മാത്രം വിടർന്ന് പൂത്തുലഞ്ഞ് നീലക്കടൽ പോലെ നിറഞ്ഞുലാവി ജ്വലിച്ചുനിൽക്കുന്ന ദൃശ്യം കാണാൻ ജീവിതത്തിൽ ഒരിക്കലെങ്കിലും പോകണം. കണ്ണും മനസ്സും കുളിർപ്പിക്കണം.<br>➢ ഇങ്ങനെ ഒരു പുഷ്പോത്സവം കഴിഞ്ഞാൽ ആ പൂക്കളെല്ലാം മാഞ്ഞുപോകുന്നു. ചിറകുകളെല്ലാം പറന്നകലുന്നു. ചെടികളെല്ലാം അലങ്കാരങ്ങൾ ഊരിവെച്ച് ഒഴിഞ്ഞ് ഉണങ്ങിനിൽക്കുന്നു. മലഞ്ചെരിവുകൾ ശൂന്യമായിത്തീരുന്നു. പക്ഷേ ഒന്നും അവസാനിച്ചിട്ടില്ല. ആ പൂക്കളെല്ലാം മണ്ണിൽ വിത്തെറിഞ്ഞുകഴിഞ്ഞു. മണ്ണിനടിയിൽ അവയെല്ലാം കാത്തുകിടക്കുന്നു. ഇനിയൊരു പന്തീരാണ്ടുകാലം കഴിയണം. അതുവരെ നീണ്ട തപസ്സിലാണ് കുറിഞ്ഞിച്ചെടികൾ.<br>➢ പ്രകൃതി ഒരുക്കുന്ന ഈ മനോഹരക്കാഴ്ചകളെ നിലനിർത്താന് ആദ്യം പ്രകൃതി സംരക്ഷകരായി നാം മാറണം. മഴുവുമായി ഈ ഭൂമി വെട്ടിനിരത്താൻ ആരെയും അനുവദിക്കരുത്. അവിടെ മറ്റൊരു പദ്ധതിയ്ക്കും അനുമതി നൽകാതെ പ്രകൃതിയെ പ്രകൃതിയായി നിലനിർത്താന് നാം പരിശ്രമിക്കണം.<br>**ചേർത്തുവയ്ക്കുമ്പോൾ**<br>"അവയുടെ നീലക്കറുപ്പ് മെയ്യാകെ മഞ്ഞപ്പൂമ്പൊടി പൂശിയിരിക്കുന്നു.'<br>മെയ്യാകെ =<br>കറുപ്പുമെയ്യാകെ<br>നീലക്കറുപ്പ് മെയ്യാകെ<br>നീലക്കറുപ്പ് മെയ്യാകെ മഞ്ഞപ്പൂമ്പൊടി പൂശിയിരിക്കുന്നു.<br>നീല+കറുപ്പ്+മെയ്യ്+ആകെ+മഞ്ഞ പൂമ്പൊടി പൂശിയിരിക്കുന്നു.<br>ആദ്യവാക്യത്തിൽ നിന്ന് അവസാനവാക്യത്തിലേക്ക് എത്തുമ്പോൾ എന്തുമാറ്റമാണ് ഉണ്ടായത് ?<br>ചർച്ച<br>കൂടുതൽ മിഴിവാർന്ന ഒരു ചിത്രം രൂപപ്പെടുന്നില്ലേ?<br>പാഠഭാഗത്ത് നിന്ന് ഇങ്ങനെ വിശേഷണങ്ങൾ ചേർത്ത കൂടുതൽ വാക്യങ്ങൾ കണ്ടെത്തട്ടെ. ചേർത്തുവയ്ക്കുമ്പോൾ പദത്തിന്, ആശയങ്ങൾക്ക് ഭംഗി കൂടുന്നുണ്ട് എന്ന് തിരിച്ചറിയട്ടെ. | |

മെയ്യ് എന്ന പദത്തെ നീല, കറുപ്പ് എന്നീ പദങ്ങൾ കൊണ്ട് വിശേഷിപ്പിച്ചിരിക്കുന്നു. പൂമ്പൊടിയെ മഞ്ഞ എന്ന പദം കൊണ്ടും.

ഈ വിശേഷണ പദങ്ങൾ കുട്ടികൾക്ക് തിരിച്ചറിയുന്നു.

**പുഷ്പോത്സവം**

പാഠഭാഗത്ത് നൽകിയ വാർത്ത വായിക്കട്ടെ.

? എവിടെയാണ് പുഷ്പോത്സവം? എന്തിന്റെ ഭാഗമായി ആരാണ് സംഘടിപ്പിച്ചത്?

? ഊട്ടിപോലുള്ള നഗരങ്ങളിൽ നിന്ന് മാറി പ്രാദേശികമായി ഇവ സംഘടിപ്പിക്കുന്നതുകൊണ്ടുള്ള മെച്ചമെന്താണ്?

? ഉത്സവങ്ങളുടെ, ആഘോഷങ്ങളുടെ ഭാഗമായി പുഷ്പോത്സവം നടത്തുമ്പോൾ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?

ചോദ്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. അവതരണം

**അഭിപ്രായക്കുറിപ്പ്**

ഓണാഘോഷത്തിന്റെ ഭാഗമായി പുഷ്പോത്സവം സംഘടിപ്പിച്ചതിന്റെ പ്രാധാന്യം കുട്ടികൾ തയ്യാറാക്കുന്നു

ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തൽ.

പോർട്ട് ഫോളിയോ

സൂചകങ്ങൾ വെച്ച് കുട്ടികളുടെ രചനകൾ വിലയിരുത്തൽ.

**സുഗതകുമാരി**

1934 ജനുവരി 22ന് ജനിച്ചു. പ്രശസ്തകവിയും സ്വാതന്ത്ര്യസമരസേനാനിയും ആയിരുന്ന ബോധേശ്വരന്റെ മകൾ. കവി, പരിസ്ഥിതി പ്രവർത്തക, സാമൂഹികപ്രവർത്തക എന്നീ നിലകളിൽ പ്രശസ്തയാണ്. രാത്രിമഴ, പാവം മാനവഹൃദയം, അമ്പലമണി,പാതിരാപ്പൂക്കൾ, രാധയെവിടെ?, തുലാവർഷപ്പച്ച, മുത്തുച്ചിപ്പികൾ തുടങ്ങിയവയാണ് പ്രധാന കൃതികൾ. 2020 ഡിസംബർ രണ്ടിന് അന്തരിച്ചു.

**പുഷ്പോത്സവം**

**കടങ്കഥ-പ്രൊജക്ട്**

നീണ്ടുനീണ്ടു മാനം നോക്കി പോകുന്ന പച്ചക്കുപ്പായക്കാരൻ -

പച്ചപ്പലകക്കൊട്ടാരത്തിൽ പത്തും നൂറും കൊട്ടത്തേങ്ങ

പിടിച്ചാലൊരുപിടി അരിഞ്ഞാൽ ഒരു മുറം

കട കല്ല്, നടു വടി, തല പന്തൽ

ചെടിചെടിയിന്മേൽ കായി കൈയിൻമേൽ ചെടി.

ഇത്തരം കടങ്കഥകൾ ചാർട്ടുപേപ്പറിൽ എഴുതി പ്രദർശിപ്പിക്കുന്നു.

മുള, പപ്പായ, ചീര, ചേന, കൈതച്ചക്ക എന്നീ ഉത്തരം വരുന്ന നറുക്കുകൾ ക്ലാസ്സിലെ കുട്ടികളുടെ എണ്ണത്തിന് കണക്കായി വേണം.

നറുക്കുകളനുസരിച്ച് ഗ്രൂപ്പുകളാവുന്നു.

ഗ്രൂപ്പുകൾ ചർച്ചചെയ്ത് ഉത്തരമായി വരുന്ന കടങ്കഥ കണ്ടെത്തുന്നു.

ടീച്ചർ എല്ലാവരെയും അഭിനന്ദിക്കുന്നു.

ഘടന പാലിച്ചിട്ടുണ്ട്
സവിശേഷപ്രയോഗങ്ങൾ,ശൈലി തുടങ്ങിയവ ഉപയോഗിച്ചിട്ടുണ്ട്

വായനക്കാരെ സ്വാധീനിക്കുന്ന രീതിയിലാണ്

**കടങ്കഥാപതിപ്പ്**

എല്ലാ ഗ്രൂപ്പിലും ഒരു കടങ്കഥാപുസ്തകം നൽകുന്നു. അതിൽ നിന്നും ചെടികൾ, മരങ്ങൾ, ഫലങ്ങൾ, ഇലകൾ എന്നിവ ഉത്തരം വരുന്ന കടങ്കഥകൾ തരംതിരിച്ച് തയ്യാറാക്കുന്നു. കടങ്കഥാപതിപ്പുകൾ തയ്യാറാക്കുന്നു. കുട്ടികൾക്ക് സ്വന്തമായും കടങ്കഥകൾ നിർമ്മിക്കുന്നു.

**പോസ്റ്റർ മാതൃക**




സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ ഡിജിറ്റൽ പോസ്റ്റർ തയ്യാറാക്കണം.

വാട്സ്ആപ്പ് ഗ്രൂപ്പിൽ ഷെയറിംഗ്

ഡിജിറ്റലായും അല്ലാതെയും കുട്ടികൾ പോസ്റ്റർ രചനാ മത്സരം.

**പത്രവാർത്ത**

സ്കൂളിൽ നടന്ന പുഷ്പോത്സവത്തിന്റെ വാർത്ത തയ്യാറാക്കണം

**വാർത്ത തയ്യാറാക്കുമ്പോൾ**

വിശദാംശങ്ങൾ ചേർത്ത് ഉചിതമായ ഭാഷയിൽ എഴുതുന്നതിന് പിന്തുണ ആവശ്യമുള്ളവർ.

എങ്ങനെ പുഷ്പോത്സവം വാർത്ത തയ്യാറാക്കാം?

എന്തൊക്കെ ഉൾപ്പെടുത്തണം? നമുക്ക് കണ്ടെത്താം.

ഗ്രൂപ്പിംഗ്

ഓരോ ഗ്രൂപ്പിനും പ്രസക്തമായ ഒരു പത്രവാർത്ത നൽകുന്നു.

ഗ്രൂപ്പിൽ വാർത്ത വിശകലനം ചെയ്യുന്നു.

പദഘടന, വാക്യഘടന എന്നിവ പാലിച്ച് എഴുതാത്ത കുട്ടികൾ

? ആര് എന്ത്, എത്, എപ്പോൾ, എവിടെ എങ്ങനെ ഈ വിവരങ്ങൾ വാർത്തയിൽ നിന്നും ലഭിച്ചുവോ?

? അത്യാവശ്യവിവരങ്ങൾ ഏറ്റവും ചുരുങ്ങിയ രീതിയില് അവതരിപ്പിച്ചിട്ടുണ്ടോ?

ഉള്ളടക്കത്തിന്റെ സാരാംശം ഉൾക്കൊണ്ട് തലക്കെട്ട് നൽകാനുള്ള ഭാഷാനുഭവം കൂടുതൽ വേണ്ടവർ.

? എല്ലാവർക്കും മനസ്സിലാവുന്ന ഭാഷയിലാണോ അവതരിപ്പിച്ചത്?

? തലക്കെട്ടും വാർത്തയും തമ്മിലുള്ള ബന്ധം എങ്ങനെ

? സംഭവത്തിന്റെ വിശദാംശങ്ങൾ ക്രമമായി അവതരിപ്പിച്ചോ?

കുട്ടികൾ പറയുന്ന ഉത്തരങ്ങൾ ടീച്ചർ ബോർഡിൽ രേഖപ്പെടുത്തട്ടെ.

തുടർന്ന് സ്കൂളിൽ നടന്ന പുഷ്പോത്സവം വാർത്ത കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിച്ച് സ്വയം വിലയിരുത്തി, പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തട്ടെ.

വിലയിരുത്തലിന്റെ സൂചകങ്ങൾ പൊതുചർച്ചയിലൂടെ കണ്ടെത്തുന്നു

സൂചകങ്ങൾ

- സ്കൂളിൽ നടന്ന പുഷ്പോത്സവം വായനക്കാരുടെ മനസ്സിൽ തട്ടുംവിധം
- വിശദാംശങ്ങൾ ചേർത്ത് അവതരിപ്പിച്ചു.
- ആകർഷകവും അനുയോജ്യവുമായ ഭാഷ.
- ഉള്ളടക്കത്തിന്റെ സാരാംശം സൂചിപ്പിക്കുന്നതും ആകർഷകവുമായ തലക്കെട്ട്.

## ഒരു ദിനാന്തസഞ്ചാരം

| | |
|---|---|
| കുട്ടികളോട് ക്ലാസ്സിൽ നിന്ന് പുറത്തിറങ്ങി ഗ്രൗണ്ടിനു ചുറ്റുമുള്ള കാഴ്ചകൾ കണ്ട് തിരിച്ചുവരാന് ആവശ്യപ്പെടുന്നു. എല്ലാവർക്കും ഒരു പേപ്പറിന്റെ പകുതിഭാഗം നൽകുന്നു.<br><br>കണ്ട കാഴ്ചകളെ രണ്ടാ മൂന്നോ വാക്യങ്ങളിൽ എഴുതി അവതരിപ്പിക്കുന്നു. എല്ലാവർക്കും അവസരം. മികച്ച രീതിയിൽ എഴുതി തയ്യാറാക്കിയവരെ അഭിനന്ദിക്കുന്നു. മറ്റുള്ളവർ മെച്ചപ്പെടുത്തട്ടെ.<br><br>• പ്രകൃതിക്കാഴ്ചകൾ മനോഹരങ്ങളാണ്.<br>• അത് സാഹിത്യരൂപങ്ങളായി അവതരിപ്പിക്കുമ്പോൾ ആസ്വാദ്യത കൂടും.<br>• കവികൾ ഇത്തരം കാഴ്ചകളെ ഭംഗിയായി ആസ്വാദ്യകരമായി അവതരിപ്പിക്കുന്നവരാണ്.<br><br>മഹാകവി വള്ളത്തോൾ കണ്ട ഒരു കാഴ്ച അവതരിപ്പിച്ചിരിക്കുന്നത് നോക്കൂ.<br><br>**ഈണം കണ്ടെത്താം, വായിക്കാം**<br><br>ഗ്രൂപ്പിൽ വായന ഈണം കണ്ടെത്തൽ.<br><br>ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.<br><br>അവതരണത്തെ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തണം.<br><br>അവതരണം വിലയിരുത്തുമ്പോൾ.<br><br>(ഈണം, താളം, ഭാവം, അംഗങ്ങൾ തമ്മിലുള്ള യോജിപ്പ്, ശബ്ദസൗന്ദര്യം)<br><br>**വായിക്കാം. പറയാം**<br><br>പാഠഭാഗത്തെ ചോദ്യങ്ങൾക്ക് വ്യക്തിഗതമായി ഉത്തരം കണ്ടെത്തട്ടെ.<br><br>സംഘം തിരിഞ്ഞ് വായിച്ച് അവതരിപ്പിക്കുന്നു.<br><br>കൂടുതൽ മെച്ചപ്പെടുത്തി എഴുതുന്നു.<br><br>ഇതുപോലെ കൂടുതൽ ചോദ്യങ്ങൾ കണ്ടെത്തി ഉത്തരം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>**സാദൃശ്യ ഭംഗി**<br><br>"ചക്രവാളത്തിൽ മുട്ടിച്ചൊരു കോട്ട പോലെ<br><br>എന്നാണ് കവി കുന്നിനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.<br><br>ദൂരെ നിന്ന് നോക്കുമ്പോൾ ആകാശം മുട്ടി നിൽക്കുന്ന കുന്ന് - ഒരു കോട്ടപോലെയാണ്.<br><br>തുടർന്ന്<br><br>ശില്പങ്ങൾ ചായപ്പണി ചെയ്തപോലെ കാണുന്നിതങ്ങേപ്പുറമാഴിപോലെ<br><br>ആദ്യത്തിലായാൽപ്പുകപോലെ<br><br>ഈ കവിതയിൽ പലയിടത്തും 'പോലെ' എന്ന വാക്കുകൊണ്ട് മറ്റൊരു കാഴ്ച സാദൃശ്യപ്പെടുത്തിയിരിക്കുകയാണ്.<br><br>ഇതുകൊണ്ട് ഉണ്ടാകുന്ന ഭംഗി കുട്ടികൾ ചർച്ച ചെയ്യട്ടെ.<br><br>❖ കുന്നിൻപുറത്ത് പുല്ലുകൾക്കിടയിൽ കാണുന്ന ചുമന്ന മണ്. ചിത്രകാരന്മാർ വരച്ച മനോഹരമായ ഒരു ചിത്രം പോലെ തോന്നുന്നു.<br>❖ വൃക്ഷങ്ങളുടെ ഇലകൾ ഇടയ്ക്കിടെ ഇളകുമ്പോൾ അങ്ങേപ്പുറം കാണുന്ന ഇളം കറുപ്പേറിയ ആകാശം ഒരു സമുദ്രം പോലെയുണ്ട് എന്നും കവി പറയുന്നു.<br>❖ “ആ വലിയ മലഞ്ചെരിവുകൾ മുഴുവൻ വസന്തം വന്നതിന് ആഹ്ലാദനൃത്തം ചവിട്ടുന്നതുപോലെ (ഭൂമിക്കുവേണ്ടി ഒരു ലാവണ്യശോത്സവം) | ഈണം, താളം, ഭാവം, അംഗങ്ങൾ തമ്മിലുള്ള യോജിപ്പ്, ശബ്ദസൗന്ദര്യം |

| | |
|---|---|
| മറ്റു പാഠഭാഗങ്ങളിൽ നിന്ന് ഇത്തരം പ്രയോഗങ്ങൾ ചേർന്ന വരികൾ കണ്ടെത്തി, കവിതയിലെ സാദൃശ്യ ഭംഗിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കട്ടെ.<br><br>**വിശകലനം ചെയ്യാം**<br><br>"ഇപ്പോക്കുവെയ്ലുകയാൽ വിചിത്ര<br><br>വർണ്ണം വഹിക്കുന്നിതു കുന്നിതേറ്റം.<br><br>താഴെപ്പറയുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വരികളെ വിശകലനം ചെയ്ത് കുറിപ്പിലേക്ക് നയിക്കണം.<br><br>കിഴക്കുദിക്കണങ്ങിൽ<br><br>കരിക്കുപൊന്തിയ നേരത്ത്<br><br>മുരിക്കിൻ തൈയ്യേ നിന്നുടെ ചോട്ടിൽ<br><br>മുറുക്കിത്തുപ്പിയതാരാണ്?<br><br>സൂര്യകിരണങ്ങൾ ഇലകൾക്കിടയിലൂടെ പതിക്കുമ്പോൾ മണ്ണ് ചുവന്നു തുടിക്കുന്നു. പുല്ലുകളിലും പൂക്കളിലും പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞുതുള്ളികളിൽ സൂര്യരശ്മി പതിക്കുമ്പോൾ ഒരു കിരീടം<br><br>സൂര്യപ്രകാശം ആദ്യം പതിക്കുന്നത് കുന്നുകളിലായിരിക്കും മരങ്ങൾക്കിടയിലൂടെ അവയുടെ ആദ്യ രശ്മികൾ പതിക്കുമ്പോൾ, മരങ്ങൾ തൻ പച്ചിലകൾക്കിടയിലൂടെ, പുല്ലിൽ പതിക്കുമ്പോൾ, പുഷ്പങ്ങളിൽ പതിക്കുമ്പോൾ ഓരോ കാഴ്ചയും മനോഹരമാകും.<br><br>തുടർന്ന് ലഘുചോദ്യങ്ങളിലൂടെ കവിതാഭാഗം കുട്ടികൾ വിശകലനം ചെയ്യട്ടെ.<br><br>സൂര്യപ്രകാശം ആദ്യം പതിക്കുന്നതെവിടെയാണ്<br><br>പോക്കുവെയിലേൽക്കുമ്പോൾ കുന്നിന് വിചിത്രവർണ്ണം ഉണ്ടാകാൻ കാരണമെന്താകാം?<br><br>കുട്ടികൾ വ്യക്തിഗതമായി വിശകലനക്കുറിപ്പ് തയ്യാറാക്കി ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തട്ടെ.<br><br>**ഡിജിറ്റൽ ആൽബം തയ്യാറാക്കാം**<br><br>തൊട്ടടുത്തുള്ള കുന്നുകൾ സന്ദർശിച്ച് വ്യത്യസ്ത സമയത്തിലെ അവിടുത്തെ ദൃശ്യങ്ങൾ - ദൂരത്തു നിന്ന് കാണുമ്പോൾ (വിദൂരദൃശ്യം കുന്നിനെ അടുത്ത് നിന്ന് കാണുമ്പോൾ (സമീപദൃശ്യം, വിവിധ സമയങ്ങളിൽ മൊബൈലിൽ ചിത്രീകരിക്കുന്നു.. സൂര്യൻ ഉദിക്കുമ്പോഴും അസ്തമിക്കുമ്പോഴും ഉണ്ടാകുന്ന മാറ്റങ്ങൾ ചിത്രീകരിച്ച് വോയിസ് ഓവർ നൽകി ആൽബം തയ്യാറാക്കുന്നു. ക്ലാസ്സ് സാമൂഹികമാധ്യമ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.<br><br>**ആസ്വാദനക്കുറിപ്പ്**<br><br>മലയാളം കേൾക്കാൻ വായോ - എന്ന കവിത ഗ്രൂപ്പുകളായി ഈണം കണ്ടെത്തി ചൊല്ലി അവതരിപ്പിക്കട്ടെ. തുടർന്ന് ലഘുചോദ്യങ്ങളിലൂടെ ആസ്വാദനാംശങ്ങളിലേക്ക് നയിക്കണം<br><br>മലയാളം എന്നതു കൊണ്ട് കേരളം എന്നാണ് ഉദ്ദേശിക്കുന്നത്. കവി കേരളത്തിന്റെ മനോഹാരിത കാണുവാനും ആസ്വദിക്കാനും കവിതയിലൂടെ ക്ഷണിക്കുകയാണ്.<br><br>പുഴയുടെ മയിലാട്ടം എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?<br><br>മാധവ കാലങ്ങളുടെ പ്രത്യേകതയെന്ത്?<br><br>പൊന്നോണക്കാലത്ത് എന്തു ചെയ്യാനാണ് കവി പറയുന്നത്?<br><br>ചോദ്യങ്ങൾ ഗ്രൂപ്പിൽ ചർച്ച .<br><br>കവിതയിലെ മനോഹരങ്ങളായ പ്രയോഗങ്ങൾ കണ്ടെത്തി വിശദമാക്കുക. | കവിതയുടെ ആശയം<br><br>പ്രകൃതിയുടെ മനോഹാരിത<br><br>പ്രയോഗ ഭംഗി /കാവ്യഭംഗി<br><br>സ്വന്തം നിരീക്ഷണം |

- *പുഴയിൽ മഴ പെയ്യുന്ന കാഴ്ച മനോഹരം..വെള്ളത്തുള്ളികൾ പുഴയുടെ പ്രതലത്തിൽ പതിച്ച് നൃത്തം വെക്്ുന്നതുപോലെ തോന്നും*
- *മാധവകാലം എന്നതുകൊണ്ട് വൈശാഖമാസം അല്ലെങ്കിൽ വസന്തകാലം അവ പൂക്കളുടെ വസന്തകാലം കൂടിയാണ്.*
- *പൊന്നോണക്കാലത്ത്, വയലുകൾ കിന്നാരം പറയുന്ന നേരത്ത് മനുഷ്യരെല്ലാം ഒത്തുചേരാനാണ് കവി ആവശ്യപ്പെടുന്നത്. ഒരുമയുടെ ആഘോഷമാണല്ലോ പൊന്നോണം.*

ഇവയെല്ലാം ചേർത്ത് വ്യക്തിഗതമായി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.

രചനകൾ ഗ്രൂപ്പിൽ അവതരണം

ചർച്ച

മെച്ചപ്പെടുത്തൽ

വിലയിരുത്തൽ സൂചകങ്ങൾ പൊതുചർച്ചയിലൂടെ വികസിപ്പിക്കുന്നു.

**സത്യചന്ദ്രൻ പൊയിൽക്കാവ്**

1966 മാർച്ച് ആറിന് കോഴിക്കോട് ജില്ലയിൽ ജനിച്ചു. കവി, കഥാകൃത്ത്, തിരക്കഥാകൃത്ത് എന്നീ നിലകളിൽ പ്രശസ്തനാണ്. പൊയിൽക്കാവിന്റെ കവിതകൾ, വേനൽ, മലയാളമഴ, മുകൾപ്പരപ്പിലെ മീനുകൾ, കള്ളം പറയുന്ന സിനിമകൾ തുടങ്ങിയവയാണ് പ്രധാനകൃതികൾ.

ടീച്ചേഴ്സ് വേർഷൻ

**വള്ളത്തോൾ നാരായണമേനോൻ**

1878-08 ജനിച്ചു. മലയാളത്തിലെ ആധുനിക കവിത്രയത്തിലൊരാൾ. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട ഒട്ടനവധി കവിതകളും ഗാനങ്ങളും രചിച്ചിട്ടുണ്ട്. കഥകളിയുടെ പുനരുദ്ധാരണത്തിനായി കേരളകലാമണ്ഡലം സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ചു. വാല്മീകിരാമായണം, ഋഗ്വേദം, ശാകുന്തളം എന്നിവ മലയാളത്തിലേക്കു തർജമ ചെയ്യുകയുണ്ടായി. പത്മവിഭൂഷൺ ബഹുമതി ലഭിച്ചിട്ടുണ്ട്. വിയോഗം (മഹാകാവ്യം), ബധിരവിലാപം, ഒരു കത്ത്, ബന്ധനസ്ഥനായ അനിരുധൻ ശിഷ്യനും മകനും, അച്ഛനും മകളും, മഗ്ദലനമറിയം, കൊച്ചുസീത, ഗണപതി, സാഹിത്യമഞ്ജരി-11 ഭാഗങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ.

## മനസ്സിലെ കിളി

**ആമുഖപ്രവർത്തനം**

"ആവും വിശപ്പില്ലേ?

കുട്ടികൾ കേൾപ്പിക്കുന്നു

കിളിയോട് കുട്ടി എന്താണ് പറയുന്നത്

എല്ലാ സുഖസൗകര്യങ്ങളോടുകൂടി കൂട്ടിൽ അമസിക്കാന് പക്ഷി ഇഷ്ടപ്പെടുന്നുണ്ടോ?

കവിതയിലെ പ്രധാനാശയം സ്വാംശീകരിച്ച് എഴുതിയിട്ടുണ്ട്.

പ്രയോഗ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.

സ്വന്തം നിരീക്ഷണങ്ങൾ തെളിവുകളും ഉദാഹരണങ്ങളും ചേർത്ത് അവതരിപ്പിച്ചിട്ടുണ്ട്.

ഉചിതമായ ഭാഷയിൽ രചന നിർവഹിച്ചിട്ടുണ്ട്.

കവിത ആശയം ഉൾക്കൊണ്ടു വായിക്കാൻ ചില കുട്ടികൾക്ക് സഹായം ആവശ്യമുണ്ട്.

കവിത വിശകലനം ചെയ്ത് പ്രയോഗഭംഗി കണ്ടെത്താൻ പ്രായോഗികാനുഭവം കൂടുതൽ വേണ്ടവർ

പദഘടന, വാക്യഘടന പാലിച്ചെഴുതാൻ അനുഭവവിടവുള്ളവർ

വിശാലമായ ആകാശമാണോ കാഞ്ചനത്തിന്റെ കൂടാണോ കിളിക്ക് കൂടുതൽ ഇഷ്ടം? എന്തുകൊണ്ട്?

കിളിയെ കൂട്ടിലടയ്ക്കാൻ ഇഷ്ടമല്ലാത്ത ഒരു കുട്ടിയുടെ കഥ (മനസ്സിലെ കിളി) നമുക്ക് വായിക്കാം.

"പറഞ്ഞുനോക്കുക നിങ്ങൾക്കെത്ര കിളിയുടെ പാട്ടറിയാം" കിളികളുടെ ശബ്ദം ആസ്വദിക്കുന്നവരാണ് നമ്മൾ.

**വായിക്കാം പറയാം**

കുട്ടികൾ വായിക്കുന്നു

പാഠഭാഗത്തിന്റെ ആദ്യ വായനയ്ക്ക് ശേഷം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ഒരിക്കൽ കൂടി പാഠവായന

ഓരോ ഖണ്ഡികയായി ഓരോ ഗ്രൂപ്പിന് നൽകുന്നു

അധിക ചോദ്യങ്ങൾ കണ്ടെത്തി ഉത്തരം അവതരിപ്പിക്കുന്നു

**പുതിയ പദങ്ങൾ**

പരിചിതമല്ലാത്ത പദങ്ങൾ നോട്ട്ബുക്കിൽ എഴുതുന്നു

ഊഹിച്ച് അർഥം പറയുന്നു.

നിഘണ്ടു നോക്കി അർഥം കണ്ടെത്തുന്നു

**കണ്ടെത്തി എഴുതാം**

ചോദ്യങ്ങളുടെ ഉത്തരം കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി എഴുതുന്നു.

ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.

**പേരിനു പകരം പദമെഴുതാം**

പിക് ലു പകരം അവൻ എന്ന മാതൃകയിലാണ് വരികൾ പൂർത്തിയാക്കേണ്ടത്.

ഇങ്ങനെ മാറ്റിയെഴുതിയതുകൊണ്ടുണ്ടായ സവിശേഷതകൾ എന്തൊക്കെയാണ്? ചർച്ച

ആവർത്തനം ഒഴിവായി

വാക്യത്തിന് ഭംഗി കൂടി

പേരിനുപകരം ഉപയോഗിക്കുന്ന അവൻ, അവൾ, അവർ, അത്, അവ പോലുള്ള പദങ്ങൾ ചേർന്നുവരുന്ന കൂടുതൽ വാക്യങ്ങൾ കുട്ടികൾ കണ്ടെത്തുന്നു.

വ്യത്യാസം തിരിച്ചറിയാം

പിച്ചു ദു:ഖിതനായിരുന്നു.

അമ്മ ദു:ഖിതയായിരുന്നു.

അവർ ദു:ഖിതരായിരുന്നു.

ദു:ഖിതൻ, ദു:ഖിത, ദു:ഖിതർ എന്നീ പദങ്ങളിൽ മാറ്റം വരുന്നതെന്തുകൊണ്ട്? ചർച്ച

ദു:ഖിതനായിരുന്നു - പുരുഷനെ സൂചിപ്പിക്കുന്നു.

ദു:ഖിതയായിരുന്നു - സ്ത്രീയെ സൂചിപ്പിക്കുന്നു

ദു:ഖിതരായിരുന്നു - പുരുഷന്മാരെയും സ്ത്രീകളെയും കുറിച്ച് സൂചിപ്പിക്കുന്നു.

കൂടുതൽ വാക്യങ്ങൾ കുട്ടികൾ കണ്ടെത്തുന്നു

എല്ലാ ക്രിയകളും ഇങ്ങനെ ലിംഗവചനങ്ങൾക്കനുസരിച്ച് മാറുന്നുണ്ടോ?

കുട്ടികൾ കൂടുതൽ ഉദാഹരണം കണ്ടെത്തുന്നു

**ഉപന്യാസം തയ്യാറാക്കാം.**

രണ്ടു കവിതയിലെയും വരികളുടെ ആശയം ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. കിളികളുടെ സ്വാതന്ത്ര്യമാണ് ആദ്യ കവിതയിൽ മനുഷ്യസ്വാതന്ത്ര്യ മഹത്വമാണ് ആശാന്റെ വരികളിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരപശ്ചാത്തലത്തിലുള്ളതാണ് ഈ

ഉപന്യാസം

വിലയിരുത്തൽ സൂചകങ്ങൾ

- ഉൾപ്പെടുത്തിയ ആശയങ്ങളുടെയും നിരീക്ഷണങ്ങളുടെയും നിലപാടുകളുടെയും യുക്തിയും പ്രസക്തിയും
- ഉപന്യാസത്തിന്റെ ഘടന ആമുഖം,ഖണ്ഡികാകരണം
- പ്രധാനാശയങ്ങൾ, വിശദീകരണങ്ങൾ, ഉപസംഹാരം)
- ഉപയോഗിച്ച ഭാഷയുടെ സവിശേഷത പ്രയോഗങ്ങൾ, ശൈലികൾ മുതലായ കാര്യങ്ങൾ...

കഥാപാത്രനിരൂപണം

വിലയിരുത്തൽസൂചകങ്ങൾ

- ✓ പിക് ലുവിന്റെ സവിശേഷതകൾ വിശദമാക്കിയിട്ടുണ്ട്.
- ✓ കഥയിലെ സ്ഥാനം വ്യക്തമാക്കിയിട്ടുണ്ട്.
- ✓ പിക് ലുവിനെ വിലയിരുത്തി സ്വന്തം നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- ✓ മികച്ച ഭാഷാശൈലി സ്വീകരിച്ച്

രണ്ടു കവിതകളും. സ്വാതന്ത്ര്യം പക്ഷികൾക്കെന്നപോലെ മനുഷ്യർക്കും പ്രധാനപ്പെട്ടതാണ്. ഉപന്യാസത്തിൽ

- കവിതകളിലെ സ്വാതന്ത്ര്യം
- മനസ്സിലെ കിളി എന്ന കഥയിലെ സ്വാതന്ത്ര്യബോധം
- പുതിയ കാലത്ത് സ്വാതന്ത്ര്യത്തിന് ഉണ്ടാകുന്ന വെല്ലുവിളി
- സ്വാതന്ത്ര്യത്തിന്റെ ആവശ്യകത

സൂചനകൾ ഓരോ ഗ്രൂപ്പ് ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു. ആവശ്യമായ വിവരങ്ങൾ കുട്ടികൾ നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു. ഓരോന്നും ഖണ്ഡിക തിരിച്ച് വിശദീകരിച്ച് സ്വന്തം അഭിപ്രായം കൂടി ചേർത്ത് ഉപന്യാസം തയാറാക്കുന്നു.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തി

പോർട്ടുഫോളിയോയിലേക്ക്.

പ്രക്രിയാഘട്ടവും ഉൽപ്പന്നവും വിലയിരുത്തലിന് വിധേയമാക്കണം.

**കഥാപാത്രനിരൂപണം**

പിക് ലുവിന്റെ സ്വഭാവസവിശേഷതകൾ കുട്ടികൾ വ്യക്തിഗതമായി പറയട്ടെ.

- പ്രകൃതി സ്നേഹം
- കിളികളുടെ ശബ്ദത്തോട് സ്നേഹം
- പക്ഷികളെ കൂട്ടിലടയ്ക്കുന്നതിനോട് എതിർപ്പ്
- മനുഷ്യനെപ്പോലെമറ്റു ജീലജാലങ്ങളെയും കാണുന്നു

ഓരോ കുട്ടിയും ആവശ്യമായ കാര്യങ്ങൾ കുറിച്ച് വയ്ക്കുന്നു.

വ്യക്തിഗതമായി കഥാപാത്ര നിരൂപണം തയ്യാറാക്കുന്നു

ഗ്രൂപ്പിൽ അവതരണം

ചർച്ച

മെച്ചപ്പെടുത്തൽ

അവതരണം

പില്ലു - കുട്ടികൾക്കിടയിലെ പക്ഷിസ്നേഹി

രചനയിലെ മികവ് ടീച്ചർ വിലയിരുത്തുന്നു.

ടീച്ചേഴ്സ് വേർഷൻ

**ബിമലേന്ദു ചക്രവർത്തി**

ത്രിപുരയിലെ അഗർത്തലയിൽ ജനനം. ബാങ്ക് ഉദ്യോഗസ്ഥൻ. ബംഗാളി ഭാഷയിൽ നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. ബാലസാഹിത്യം അദ്ദേഹത്തിന്റെ പ്രധാന എഴുത്തു മേഖലയാണ്. അമർചബി അമർചര, ഫ്രണ്ട്സ് ഓഫ് ദി ഗ്രീൻ ഫോറസ്റ്റ് ഹരിതവനത്തിലെ കൂട്ടുകാർ), ബേഡ് ഓഫ് ദി മൈൻഡ് (മനസ്സിലെ കിളി തുടങ്ങിയവയാണ് പ്രധാന കൃതികൾ. മനസ്സിലെ കിളി എന്ന ബാലസാഹിത്യകൃതി ഇംഗ്ലീഷ്, ചൈനീസ് തുടങ്ങിയ വിദേശ ഭാഷകളിലേക്കും മലയാളം, തമിഴ്,ഹിന്ദി,തെലുങ്ക് തുടങ്ങിയ ഇന്ത്യൻ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

**സംഭാഷണം തയ്യാറാക്കി അവതരിപ്പിക്കുക - സ്കിറ്റ്**

കഥാപാത്രനിരൂപണം തയ്യാറാക്കിയിട്ടുണ്ട്.

ഭാഗം 1 - രാവിലെ എഴുന്നേറ്റ് കിളികളോട് പറയുന്നത്

ഭാഗം 2 - മൈനയുടെ കരച്ചിൽ കേട്ട് വരവ്- അമ്മയോട് അന്വേഷണം

ഭാഗം 3 - ചേട്ടനുമായി തർക്കിക്കൽ

ഭാഗം 4 - പിറ്റേദിവസം കിളികൾ കാണാൻ വന്നപ്പോൾ

4 ഗ്രൂപ്പുകളായി കുട്ടികൾ ഈ ഭാഗത്തിന്റെ സംഭാഷണം എഴുതി തയ്യാറാക്കുന്നു.

കഥാപാത്രങ്ങളെ നിശ്ചയിക്കൽ, വേഷംഘമേക്കപ്പ്, മുഖംമൂടി, രംഗസജ്ജീകരണം, സംവിധാനം. സംഭാഷണം

സ്കിറ്റ് അവതരണം

ഓരോ ഗ്രൂപ്പിന്റെയും അവതരണം

മറ്റു ഗ്രൂപ്പുകൾ വിലയിരുത്തണം.

**കാഴ്ചാനുഭവം എഴുതാം (വർണ്ണന)**

വർണനയിൽ എം.ടി. ഉപയോഗിച്ച സവിശേഷ പദപ്രയോഗങ്ങൾ കണ്ടെത്തുന്നു

മഞ്ഞിൻപടലങ്ങൾ

പൈൻ മരക്കാടുകൾ

മേഘക്കീറുകൾ

കുഴമഞ്ഞ്

വിളറിക്കിടക്കുന്നു.

ഊളിയിട്ട് കളിക്കുന്നു

ഉരുകിത്തീരാത്ത ശിശിരത്തിന്റെ ഓർമ്മക്കുറിപ്പുകൾ

ഒരു കാഴ്ചയെ അവതരിപ്പിക്കുമ്പോൾ ഇവ എങ്ങനെയാണ് കൂടുതൽ ആകർഷകമാക്കുന്നത്? ചർച്ച

* ഔചിത്യമുള്ള പദങ്ങൾ

* പദച്ചേർച്ചയിലെ ഭംഗി

ആവർത്തനത്തിലെ ഭംഗി...

എങ്കിൽ നിങ്ങളുടെ പ്രദേശത്തെ വയൽക്കാഴ്ചകൾ, പുഴയോരക്കാഴ്ചകൾ, ആകാശക്കാഴ്ചകൾ, എന്നിവയിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ചുള്ള വർണന തയ്യാറാക്കുക.

**എം .ടി. വാസുദേവൻ നായർ**

1933 ജൂലൈ 15ന് ജനിച്ചു. മലയാളസാഹിത്യത്തിലും ചലച്ചിത്രരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചു. നോവലിസ്റ്റ്, കഥാകൃത്ത്, തിരക്കഥാകൃത്ത് എന്നീ നിലകളിൽ അതിപ്രശസ്തൻ. അധ്യാപകനായും പത്രാധിപനായും പ്രവർത്തിച്ചു. മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, രണ്ടാമൂഴം, വാരണാസി, ഇരുട്ടിന്റെ ആത്മാവ് തുടങ്ങിയവയാണ് പ്രശസ്തകൃതികൾ.

**ഞാൻ എന്നെക്കുറിച്ച്**

| | പൂർണ്ണമായും | ഭാഗികമായി | മെച്ചപ്പെടണം |
|---|---|---|---|
| ചിത്രങ്ങൾ, കവിതാ ശകലങ്ങൾ എന്നിവ വിശകലനം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കാൻ കഴിയുന്നുണ്ട് | | | |
| സർഗാത്മക രചനകൾ ആശയം, ഭാവം എന്നിവയ്ക്ക് അനുസരിച്ച് ഭാവാത്മകമായി വായിച്ച് അവതരിപ്പിക്കാനും ആസ്വദിക്കാനും കഴിയുന്നുണ്ട്. | | | |
| പത്രങ്ങളിലും മാധ്യമങ്ങളിലും വരുന്ന വാർത്തകൾ വിശകലനം ചെയ്യുകയും അവയിലെ പ്രധാന ആശയങ്ങൾ കണ്ടെത്തുകയും ചെയ്തു അഭിപ്രായക്കുറിപ്പ് അയ്യാരാക്കാൻ കഴിയുന്നുണ്ട്. | | | |
| പുഷ്പോത്സവങ്ങൾ പോലെ ഭാഷാ പ്രാധാന്യമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് അവയെക്കുറിച്ചുള്ള പത്രവാർത്തകൾ തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |
| കവിതകൾ ആശയത്തിന് അനുയോജ്യമായ ഭാവം താളം ഈണം എന്നിവ പാലിച്ച് ആലപിക്കാനും അവയിലെ അർത്ഥഭംഗി, കാവ്യഭംഗി, താളഭംഗി എന്നിവ കണ്ടെത്തി ആസ്വാദന കുറിപ്പ് തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |
| വിവിധതരം കാഴ്ചകളെ മൊബൈലിൽ പകർത്തുകയും അവയെ ഡിജിറ്റൽ ആൽബം ആക്കി മാറ്റാൻ കഴിയുന്നുണ്ട്. | | | |
| കഥകൾ വായിച്ച് ആസ്വദിക്കുകയും അവയിലെ ആശയങ്ങൾ വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |
| സ്വാതന്ത്ര്യത്തിന്റെ മഹത്വം വിളിച്ചറിയിക്കുന്ന കവിതകൾ, ഗാനങ്ങൾ, ലേഖനങ്ങൾ,കഥകൾ തുടങ്ങിയവ വായിച്ച് പരമാവധി വിവരങ്ങൾ ശേഖരിക്കുകയും (ആശയ വ്യക്തത, വസ്തുനിഷ്ഠത, ഘടന, ഉപക്രമം, ഉള്ളടക്കം ഉപസംഹാരം എന്നിവ പാലിച്ച് ഉപന്യാസം എഴുതാന് കഴിയുന്നുണ്ട്. | | | |
| 'സർഗാത്മക രചനകൾ വായിച്ച് കഥാപാത്രങ്ങളുടെ സ്വഭാവം, കഥയിലെ സ്ഥാനം 'തുടങ്ങിയവ വിശകലനം ചെയ്ത് സംഭാഷണം തയ്യാറാക്കുകയും അവയെ അടിസ്ഥാനമാക്കി ചെറു സംഘങ്ങളായി ലഘു നാടകങ്ങൾ അവതരിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. | | | |
| സർഗാത്മക രചനകളിലെ ശീർഷകങ്ങൾ വിലയിരുത്തുകയും വിശകലനം ചെയ്യുകയും അവയുടെ ഔചിത്യം കണ്ടെത്തി അവതരിപ്പിക്കാനും കഴിയുന്നുണ്ട്. | | | |
| സർഗാത്മക രചനകൾ വായിച്ച് ആസ്വദിച്ചും, വിശകലനം ചെയ്ത് കഥാപാത്രങ്ങളുടെ സവിശേഷതകൾ രൂപം, ഭാവം, മറ്റ് കഥാപാത്രങ്ങളോടുള്ള ഇടപെടൽ, കഥാപാത്രത്തിന്റെ സ്ഥാനം എന്നിവ ഉൾക്കൊണ്ട് കഥാപാത്ര നിരൂപണം തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |
| സർഗാത്മകരചനകളിലെ വർണ്ണനകൾ വായിച്ച് വിശകലനം ചെയ്യുകയും സമാനമായ വിവിധതരം കാഴ്ചകളെകുറിച്ച് ആകർഷകമായും അലങ്കാരികഭാഷ ഉൾപ്പെടുത്തിയും വർണ്ണനകൾ തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |

സ്കൂളിലും സ്വന്തം വീട്ടിലും പൂപ്പോത്സവം സംഘടിപ്പിക്കുന്നത് വഴി എന്ന് ധാരണയാണ് നേടിയിട്ടുള്ളത്.

മനസ്സിലെ കിളി എന്ന കഥ വായിച്ചപ്പോൾ നിങ്ങളുടെ മനസ്സില് രൂപപ്പെട്ട വികാരമെന്താണ്?

ഈ യൂണിറ്റിലെ രചനകളിലൂടെ കടന്നുപോയപ്പോൾ കേരളത്തിന്റെ പ്രകൃതിഭംഗിയെക്കുറിച്ച് ലഭിച്ച ധാരണകൾ എന്തെല്ലാം?

ഓരോ കുട്ടിയുടെയും മികവുകളും പരിമിതികളും സൂക്ഷ്മതലത്തിൽ കണ്ടെത്തേണ്ടതുണ്ട്. പരിമിതികൾ പരിഹരിക്കുന്നതിനായി